വിവരസാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് നയം

51 (791)ശ്രീ. ജോസ് ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവര സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് സർക്കാർ വ്യക്തമായ ഒരു നയം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ഒരു നയം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ധാരാളം തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖലയെ സംസ്ഥാനത്തിന് അനുയോജ്യമായ വിധത്തിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഐ.റ്റി നയത്തിൽ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് ഈമേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

52(792)ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നിന്നും എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ധനസഹായം ലഭിച്ചവരുടെ ലിസ്റ്റും എത്ര തുക ലഭിച്ചു എന്നും ഉള്ള സ്റ്റേറ്റുമെന്റും ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽപ്പെട്ട 1019 പേർക്ക് 6.36,350/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇത്രയും പേരുടെ ലിസ്റ്റ് സമർപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ആശ്രിത നിയമനം

53(794)ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ആശ്രിത നിയമനത്തിന് ഒരു വകുപ്പിൽ പ്യൂൺ തസ്തിക ഇല്ലാതിരിക്കുകയും ആശ്രിതർ പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് സമ്മതിക്കുകയും ചെയ്താൽ അദ്ദേഹത്തെ പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങനെ നിയമിക്കപ്പെടുന്നവരെ ഏറ്റവും അടുത്ത അവസരത്തിൽത്തന്നെ പ്യൂൺ തസ്തികയിൽ മാറ്റിനിയമിക്കാൻ വ്യവസ്ഥ ഉണ്ടോ;

(സി) ഇത്തരത്തിൽ പാർട്ട്ടൈം തസ്തികയിലേക്ക് നിയമനം നൽകിയ കണ്ണൂർ കളക്ടറേറ്റിലെ പാർട്ട്ടൈം സ്വീപ്പറായ ശ്രീമതി പി.ചന്ദ്രമതി പ്യൂൺ തസ്തികയിലേക്ക് മാറ്റി നിയമിക്കപ്പെടുവാൻ അപേക്ഷ നൽകി യിട്ടുണ്ടോ; എങ്കിൽ അവർക്ക് നിയമനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും പ്യൂൺ തസ്തികയിലേക്ക് അവർക്ക് മാറ്റി നിയമനം നൽകുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1995 മുതൽ വ്യവസ്ഥ ഉണ്ട്.

(സി) പ്യൂൺ തസ്തികയിലേക്ക് മാറ്റി നിയമനം നൽകുന്നതിന് ശ്രീമതി ചന്ദ്രമതി അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നിയമനം നൽകിയിട്ടില്ല.

(ഡി) 30-3-95-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)7/95 ഉ.ഭ.പ.വ. പ്രകാരം നിലവിൽ വന്ന വ്യവസ്ഥകൾ പ്രകാരമുള്ള തസ്തിക മാറ്റം 1978-ൽനിയമനം ലഭിച്ച ശ്രീമതി ചന്ദ്രമതിക്ക് ബാധകമാക്കാൻ നിർവ്വാഹമില്ല.

ഹജ്ജ് തീർത്ഥാടകർക്ക് ചാർട്ടർ ഫ്ളൈറ്റ് സംവിധാനം

54(795) ശ്രീ. എ.സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹജ്ജ് തീർത്ഥാടകർക്ക് ചാർട്ടർ ഫ്ളൈറ്റ് സംവിധാനമുണ്ടാ ക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സംവിധാനവും അനുവാദവും നൽകുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സിവിൾ ഏവിയേഷൻ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേന്ദ്ര ഏവിയേഷൻ വകുപ്പിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് വിമാനത്താവളത്തിന് മതിയായ റൺവേ സൗകര്യം ഇല്ലാത്തതിനാൽ ചാർട്ടർ ഫ്ളൈറ്റുകൾ ഇറക്കുവാനുള്ള ആവശ്യം കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly